പിറവം കെ. എസ്. ആർ. ടി. സി. ഡിപ്പോ

77 [2114] ശ്രീ. ടി. എം. ജേക്കബ് : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പിറവം കെ. എസ്. ആർ. ടി. സി. ഡിപ്പോയുടെ നിർമ്മാണ പ്രവർത്തനങ്ങൾ എന്നത്തേയ്ക്ക് പൂർത്തിയാകും എന്നറിയിക്കാമോ?

ഉത്തരം

പിറവം കെ. എസ്. ആർ. ടി. സി. ഡിപ്പോയുടെ നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങുന്നതിനുള്ള കരാർ ആയിട്ടുണ്ട്. പണി ആരംഭിച്ചിട്ടില്ല.

തിരുനെല്ലിയിൽ നിന്ന് ബസ് സർവ്വീസ്

78 [2115] ശ്രീ. എൻ. ഡി. അപ്പച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ പൊതുജന സമ്പർക്ക പരിപാടിയുടെ ഭാഗമായി തിരുനെല്ലി ക്ഷേത്രവുമായി സംസ്ഥാനത്തെ പ്രധാന സ്ഥലങ്ങളെ ബന്ധിപ്പിച്ചുകൊണ്ടുള്ള കെ. എസ്. ആർ. ടി. സി. ബസ് സർവ്വീസ് ആരംഭിക്കണമെന്ന് ക്ഷേത്ര അധികാരികളും പൗരപ്രമുഖരും നിവേദനം നൽകിയിരുന്നുവോ;

(ബി) തിരുനെല്ലിയെ ഏതെല്ലാം സ്ഥലങ്ങളുമായി കെ. എസ്. ആർ. ടി. സി. ബസ് സർവ്വീസ് മുഖേന ബന്ധിപ്പിക്കണമെന്നാണ് പ്രസ്തുത നിവേദനത്തിൽ പറഞ്ഞിരുന്നത്;

(സി) പ്രസ്തുത നിവേദനത്തിലെ എന്തെല്ലാം ആവശ്യങ്ങൾ അംഗീകരിക്കുകയും അതനുസരിച്ചുള്ള ബസ് സർവ്വീസുകൾ ആരംഭിക്കുകയും ചെയ്തു എന്ന് വിശദമാക്കാമോ;

(ഡി) ഇതുവരെ പ്രസ്തുത നിവേദനത്തിൽ ആവശ്യപ്പെട്ട പ്രകാരമുള്ള ബസ്സ് സർവ്വീസ് ആരംഭിച്ചിട്ടില്ലെങ്കിൽ തിരുനെല്ലിയെ സംസ്ഥാനത്തിന്റെ മറ്റു ഭാഗങ്ങളുമായി ബന്ധിപ്പിക്കുന്ന ബസ്സ് സർവ്വീസുകൾ ഉടനടി ആരംഭിക്കുവാൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) നൽകിയിരുന്നു.

(ബി) തിരുവനന്തപുരം, പറശ്ശിനിക്കടവ്, ഗുരുവായൂർ എന്നീ സ്ഥലങ്ങളുമായി ബന്ധപ്പെടുത്തി തിരുനെല്ലിയിൽ നിന്നും സർവ്വീസ് നടത്തണമെന്നാണ് നിവേദനത്തിൽ പറഞ്ഞിരുന്നത്.

(സി) തിരുനെല്ലിയിൽ നിന്നും മാനന്തവാടി വരെയുള്ള 32 കി.മീറ്റർ വനപ്രദേശവും ജനവാസം കുറഞ്ഞ സ്ഥലവും ദൂരവും കാരണത്താൽ നിലവിൽ ഓപ്പറേറ്റ് ചെയ്യുന്ന സർവ്വീസിൽ പോലും വളരെ വിരളമായി മാത്രമേ ഒരു ദിശയിലേക്ക് ആളുകളെ കിട്ടാറുള്ളൂ. ആയതിനാൽ പുതിയ സർവ്വീസുകൾ ആരംഭിക്കുന്നകാര്യം ഇപ്പോൾ പരിഗണനയിൽ ഇല്ല.

(ഡി) തൽക്കാലം പരിഗണനയിൽ ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly